# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3661** 15.05.2017- ൽ മറുപടിക്ക്

**കാസർഗോഡ് നിയോജക മണ്ഡലത്തിലെ റോഡ്-പാലം പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു (List 1). |
| (ബി) | പ്രസ്തുത റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്നും നിർമ്മാണം എപ്പോൾ തുടങ്ങി എപ്പോൾ തീരുമെന്നും വ്യക്തമാക്കാമോ; | (ബി) | ഭരണാനുമതി നൽകിയ 5 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. 3 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മേൽ പ്രവൃത്തികൾ കരാറിലേർപ്പെട്ട് 9 മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ ഇനി പുനർനിർമ്മാണം അനിവാര്യമായിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഈ റോഡുകൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് നിയോജക മണ്ഡലത്തിൽ പുനർനിർമ്മാണം ആവശ്യമുള്ള റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു (List 2). പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും | (ഡി) | മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നെല്ലിക്കുന്ന് പാലത്തിന്റെ പ്രവൃത്തിയാണ് കാസർഗോഡ് നിയോജക മണ്ഡലത്തിൽ പൂർത്തിയായിട്ടുള്ളത്. താഴെ പറയുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് കാസർഗോഡ് |

| | |
|---|---|
| ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതും ഭരണാനുമതി ലഭ്യമാകാനിരിക്കുന്നതുമായ പാലങ്ങൾ എതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | മണ്ഡലത്തിൽ ഇപ്പോൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നത്.<br>1) കോട്ടക്കണ്ണി പാലം നിർമ്മാണം (നബാർഡ്)<br>2) വിദ്യാഗിരി പാലം നിർമ്മാണം (കാസർഗോഡ് ഡവലപ്മെന്റ് പാക്കേജ്)<br><br>ഓടങ്കൽ പാലം പ്രവൃത്തിക്ക് 31.10.2016-ലെ സ.ഉ (സാധാ) നം. 1496/2016/പൊ.മ.വ ക്രമ നം. 61 ആയി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br><br>തുപ്പക്കൽ പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

LIST 1

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | നീർച്ചാൽ-കോട്ടക്കനി മധൂർ റോഡ് കി.മി 0/000-5/550 അഭിവൃദ്ധിപ്പെടുത്തൽ (കൊട്ടക്കണ്ണി പാലം അനുബന്ധ റോഡ് ഒഴികെ) | 95 |
| 2 | മധൂർ-പട്ല-കൊല്ലാന റോഡ് കി.മി 0/000-3/000 ബി.എം.-ബി.സി ചെയ്യുന്ന പ്രവൃത്തി | 95.00 |
| 3 | പെരുമ്പളക്കടവ് -നായൻമാർമൂല-എരപ്പക്കട്ട റോഡ് (ആദ്യ ഘട്ടം) ബി.എം.-ബി.സി ചെയ്യുന്ന പ്രവൃത്തി | 188.00 |
| 4 | പന്നിക്കുന്ന്-ഷിരിബാഗിലു റോഡ് കി.മി 0/000-3/000 ബി.എം.-ബി.സി ചെയ്യുന്ന പ്രവൃത്തി | 188.00 |
| 5 | കാസറഗോഡ്-മധൂർ റോഡ് കി.മി 3/000-6/450 അഭിവൃദ്ധിപ്പെടുത്തൽ | 188.00 |

LIST 2

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കാസറഗോഡ്-നുള്ളിപ്പാടി റോഡ് കി.മി 0/000-1/250 |
| 2 | മെഗ്രാൽ-പുത്തൂർ-ചേരൻകൈ കടപ്പുറം ലൈറ്റ്ഹൗസ് പള്ളം റോഡ് |
| 3 | പട്ല ഹൈസ്കൂൾ-ബൂഡ്-മായിപ്പാടി റോഡ്(മധൂർ റോഡ്) |
| 4 | വിദ്യാനഗർ-ചാല റോഡ് 2 കി.മി |
| 5 | ബദിയടുക്ക-ബെർല-വിദ്യാഗിരി-മുനിയൂർ റോഡ് കി.മി 0/000-6/800 |
| 6 | ബദിയടുക്ക-ഏത്തടുക്ക-സൂള്യപദവ് റോഡ് കി.മി 0/000-20/140 |
| 7 | മുള്ളേരിയ-നാട്ടക്കൽ-അർലപദവ് റോഡ് കി.മി 0/000-11/000 |
| 8 | ബീജന്തടുക്ക-അടിബായി-ചെടേക്കൽ-മാന്യലൈൻ റോഡ് |
| 9 | ബേള-നെടുങ്കള-അഗ്രശാല റോഡ് |
| 10 | ചെമ്പയിൽ-പൊട്ടിപ്പള്ള-നെല്ലിക്കട്ട റോഡ് |
| 11 | നീർച്ചാൽ-കില്ലിഗർ-സായ്മന്ദിരം-മുഗു റോഡ് |
| 12 | നെക്രംപാറ-അറ്ലടുക്ക-കോടിമൂല-പുണ്ടൂർ-നേരമ്പാടി-ഏത്തടുക്ക റോഡ് കി.മി 0/000-13/500 |
| 13 | നെല്ലിക്കട്ട-കർമംതൊടി റോഡ്-കി.മി 7/000-11/000 |
| 14 | പരുവത്തടുക്ക-കുമ്പടാജെ-ബൊളിൻജെ-നാട്ടക്കൽ റോഡ് |
| 15 | ബീജന്തടുക്ക-കായ്മല-ബൊളിൻജെ റോഡ് |

സെക്ഷൻ ഓഫീസർ